# യഥാർത്ഥ ദൈവദാസന്മാരുടെ ഏഴു ഗുണവിശേഷങ്ങൾ

സാക് പുന്നൻ

WFTW 26 ഏപ്രിൽ 2015

മലാഖി 2:5-6 ൽ അദ്ദേഹം തന്റെ കാലത്തുള്ള ലേവ്യരെ ആദ്യകാലത്തെ ലേവ്യരുമായി താരതമ്യം ചെയ്തിരിക്കുന്നു. അതുപോലെ ആദിമ അപ്പൊസ്തലന്മാർ എങ്ങനെ ആയിരുന്നു എന്നും, എല്ലാം വിട്ട് അവർ കർത്താവിനെ എങ്ങനെ അനുഗമിച്ചു എന്നും ഇന്നു കർത്താവ് നമ്മെ ഓർപ്പിക്കുന്നു. അവിടുന്നു നമ്മോടു പറയുന്നത് "നിങ്ങളെ അവരുമായി താരതമ്യം ചെയ്യുക,'' കർത്താവ് അരുളിച്ചെയ്യുന്നു "എന്റെ ഉടമ്പടി അവനോടൊപ്പം ഉണ്ടായിരുന്നു. അവൻ ഭയപ്പെടേണ്ടതിനു ഞാൻ അവനു നൽകി. അവൻ എന്നെ ഭയപ്പെടുകയും എന്റെ നാമത്തിൽ വിറയ്ക്കുകയും ചെയ്തു.'' അഞ്ചും ആറും വാക്യങ്ങളിൽ ആദിമ ലേവ്യരുടെ സ്വാഭാവ വൈശിഷ്ട്യങ്ങളെ ശ്രദ്ധിക്കുക - ഇന്ന് ഓരോ ദൈവദാസനെക്കുറിച്ചും സത്യമായി തീരേണ്ട പ്രത്യേകതകളാണിവ.

1) അവർ ദൈവത്തെ ഭയപ്പെട്ടു. ദൈവത്തോടുള്ള ഭയമാണ് ജ്ഞാനത്തിന്റെ ആദ്യാക്ഷരങ്ങൾ.

2) അവർക്ക് ദൈവത്തിന്റെ നാമത്തെക്കുറിച്ച് ഒരു കരുതൽ ഉണ്ടായിരുന്നു. നമ്മുടെ കർത്താവ് നമ്മെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത്, "അവിടുത്തെ നാമം പരിശുദ്ധമാകണമേ'' എന്നാണ്. യേശുവിന്റെ നാമം നമ്മുടെ ദേശത്ത് ആദരിക്കപ്പെടുവാനും ബഹുമാനിക്കപ്പെടുവാനുമുള്ള ഒരു വലിയ വാഞ്ഛ നമുക്കുണ്ടായിരിക്കണം.

3) അവർ ദൈവത്തിന്റെ മുഴുവൻ സത്യങ്ങളും പ്രസംഗിച്ചു. അനേക പ്രസംഗകരും ദൈവത്തിന്റെ മുഴുവൻ ആലോചനകളും പ്രസംഗിക്കാറില്ല. കാരണം അതു അവർക്കുള്ള ജനപ്രീതി നഷ്ടപ്പെടുത്തും. അതുകൊണ്ട് അവർ ഒത്തുതീർപ്പുകാരായി തീരുന്നു. ഒരിക്കൽ എന്നെ ഒരു സ്ഥലത്തെ മീറ്റിംഗുകൾക്കു വേണ്ടി ക്ഷണിക്കുകയുണ്ടായി, അവിടെ ഞാനായിരുന്നു മുഖ്യപ്രസംഗകനാകേണ്ടിയിരുന്നത്. മീറ്റിംഗുകൾ തുടങ്ങുന്നതിന് ഒരാഴ്ച മുമ്പ്, അതിന്റെ സംഘാടകർ, 'ജലസ്നാനം' എന്ന വിഷയത്തെപ്പറ്റി ഒരു യോഗത്തിലും സംസാരിക്കരുതെന്ന് അപേക്ഷിച്ചുകൊണ്ട് ഒരെഴുത്ത് എനിക്കെഴുതി. ഞാൻ എന്തു സംസാരിക്കണം, എന്തു സംസാരിക്കണ്ട എന്ന് എന്നോടു പറയുകയാണെങ്കിൽ, അങ്ങനെയുള്ള ഒരിടത്തും സംസാരിക്കാനുള്ള ക്ഷണം സ്വീകരിക്കാൻ എനിക്കു കഴിയുകയില്ല. കർത്താവിന്റെ ഒരു ദാസനെന്ന നിലയിൽ കർത്താവ് എന്റെ ഹൃദയത്തിൽ തന്നത് എല്ലാം എനിക്കു സംസാരിക്കേണ്ടിയിരിക്കുന്നു - എന്റെ നിലപാട് അതായിരുന്നു.

4) അവർ പാപത്തെ വെറുത്തു. അവർ ഭോഷ്കു പറയുകയോ ചതിക്കുകയോ ചെയ്തില്ല. അവരുടെ ഹൃദയത്തിൽ പാപത്തോടൊരു വെറുപ്പുണ്ടായിരുന്നു.

5) അവർ ദൈവത്തോടുകൂടെ നടന്നു. ദിനംതോറും ദൈവത്തോടു കൂടെയുള്ള നടപ്പ് അവർ കാത്തു സൂക്ഷിച്ചിരുന്നു.

6) അവർ നേരായി ജീവിച്ചു. അവരുടെ ജീവിതത്തിലുള്ള എല്ലാ കാര്യങ്ങളിലും - അവർ പണം കൈകാര്യം ചെയ്ത വിധം, അവർ തന്നെ പെരുമാറിയിരുന്ന വിധം തുടങ്ങിയവയിലും - ഒരു വക്രതയുമില്ലാതെ അവർ സത്യസന്ധരായിരുന്നു.

7) അവർ അനേകരെ പാപത്തിൽ നിന്നു തിരിച്ചു.

ആ രണ്ടു വാക്യങ്ങളിൽ ഒരു യഥാർത്ഥ പ്രസംഗകൻ എങ്ങനെ ആയിരിക്കണമെന്നുള്ളതിന്റെ ഒരു മനോഹര ചിത്രം നമുക്കു ലഭിക്കുന്നു.

"പുരോഹിതൻ സൈന്യങ്ങളുടെ യഹോവയുടെ ദൂതനാകയാൽ അവൻ തന്റെ അധരത്തിൽ പരിജ്ഞാനം സൂക്ഷിച്ചു വയ്ക്കുന്നു. അവന്റെ വായിൽ നിന്ന് ജനം പ്രബോധനം നേടണം'' (മലാഖി 2:7). നാം ആദ്യം കർത്താവിന്റെടുത്തു പോകുകയും അവിടുത്തെ വചനം പ്രാപിക്കുകയും അതിനുശേഷം മാത്രം

ജനങ്ങളുടെ അടുക്കൽ പോകുകയും അവിടുത്തെ വചനം അവർക്കു കൊടുക്കുകയും വേണം. ഒരു ദൂതന് തന്റെ വായിൽ ദൈവത്തിന്റെ വചനം ഉണ്ടായിരിക്കണം. എന്നാൽ ഇന്നത്തെ പലരെയും പോലെ ആ ലേവ്യർ ദൈവത്തിന്റെ വഴി വിട്ട്, അവിടുത്തെ നിയമങ്ങൾ ലംഘിക്കുകയും അവരുടെ ഉപദേശത്താൽ ജനത്തെ ഇടറുമാറാക്കുകയും ചെയ്തു (മലാഖി 2:8,9).